# കോഴിക്കോട് – കൊടുവള്ളി സിറാജ് ഫ്ളൈ ഓവറിനു വേ   ി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം –

## അന്തിമ റിപ്പോർട്ട്



തയ്യാറാക്കി സമർപ്പിക്കുന്നത്

കണ്ണൂർ
25.01.2020

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)

**കോഴിക്കോട് കൊടുവള്ളി സിറാജ് ഫ്ളൈ ഓവറിനു വേ 1 ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം – അന്തിമ റിപ്പോർട്ട്**

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട ് താലൂക്കിൽ കൊടുവള്ളി അംശത്തിൽപ്പെട്ടതും റീ. സ. 34, 35,46,52,53,54,65 ലെ ഭാഗത്തിൽപ്പെട്ട0.2810 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ ഭൂമി , 2013 ലെ RFCTLARR Act .ന് അനുസൃതമായി , സിറാജ് ഫ്ളൈ ഓവറിനായി ഏറ്റെടുക്കുന്നതു സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി ചുമതലപ്പെട്ട, കയ്റോസ് കണ്ണൂർ, പ്രസ്തുത പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം

**ആമുഖം**

ഏറെ ചരിത്ര പ്രാധാന്യമുള്ള തീരദേശ ജില്ലയായ കോഴിക്കോടിനെയും ചരിത്ര വിദ്യാർത്ഥികളുടെ പ്രധാന സന്ദർശന കേന്ദ്രമായ മൈസൂരിനെയും ബന്ധിപ്പിക്കുന്ന NH 766 ലെ ഏറ്റവും തിരക്കു പിടിച്ച ജംങ്ക്ഷനുകളിൽ ഒന്നാണ് കൊടുവള്ളി. കോഴിക്കോട് നിന്ന് വയനാട്, ബന്തിപ്പൂർ ചാമരാജനഗർ വഴി കർണ്ണാടകയിലെ മൈസൂർ ജില്ലയിലേക്ക് എത്തുന്ന ഈ റോഡ് വാഹന സാന്ദ്രതയിലും മുൻപന്തി യിൽ തന്നെയാണ്. ഏറ്റവും തിരക്ക് പിടിച്ച സമയത്ത് ഈ ജംങ്ക്ഷനിൽ നിന്ന് ഒരു മണിക്കൂറിൽ 2206 യാത്രാ വാഹനങ്ങൾ കടന്നു പോകുന്നതായി സർവ്വേയിൽ വ്യക്തമായിട്ടു ്. ഇത് 2027 ആകുമ്പോഴേക്കും 4500 ആയി വർദ്ധിക്കാനാണ് സാദ്ധ്യതയെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കോഴി ക്കോട് നഗരത്തിൽ നിന്ന് വടക്ക് കിഴക്കായി 22 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഈ ജംങ്ക്ഷ നിൽ കാപ്പാട്-അടിവാരം സ്റ്റേറ്റ് ഹൈവേ 68 ചേരുന്നു ്. കേരളത്തിന്റെ വടക്കൻ മേഖലയിലേക്കും തമിഴ്നാട്, കർണ്ണാടക, എന്നീ ഭാഗങ്ങളിലേക്കുള്ള ഗതാഗതത്തിൽ വലിയ ശതമാനം ഇതവഴിയാണ്. അതുപോലെ തന്നെ കൊടുവള്ളി കഴിഞ്ഞ ഉടനെ താമരശ്ശേരി റൂട്ടിലേക്കുള്ള കൊടിയ വളവ് ഏറെ അപകടങ്ങളും ഉ ാക്കുന്നു. ഇരുഭാഗത്തും നല്ല വീതിയുള്ള റോഡുകൾ ഉ െങ്കിലും കൊടുവള്ളി യിൽ ഇതൊരു കുപ്പികഴുത്ത് പോലെയാണ്. അതിനാൽ തന്നെ പലപ്പോഴും വാഹനങ്ങളുടെ നീ നിര തന്നെയു ാകാറു ്. ഇതിന്റെ ഫലമായി ഈ നിര സമീപപ്രദേശങ്ങളെയും ബാധിക്കുന്നു. സിഗ്നൽ പോയന്റിലും നീ നിര ഉ ാകുന്നു. ഇത് സമയ നഷ്ടവും ഇന്ധന നഷ്ടവും ഉ ാക്കുന്നു ്. ഇതിനുള്ള ശാശ്വത പരിഹാരം കാണുന്നതിന് വേ ിയാണ് ഇവിടെ ഒരു ഫ്ളൈ ഓവർ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

ഇവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ ആകെ നീളം 680 മീറ്ററാണ്. ഇതിൽ 495 മീറ്റർ അടിപ്പാ തയും 185 മീറ്ററിന്റെ ഫ്ളൈ ഓവറുമാണ്. ഇതിൽ കോഴിക്കോട് ഭാഗത്തേക്കുള്ള സമീപന റോഡ് 70 മീറ്ററും താമരശ്ശേരി ഭാഗത്തേക്ക് 85 മീറ്ററും ആയിരിക്കും. ഇരു ഭാഗത്തും ആവശ്യത്തിന് സർവ്വീസ് റോഡുകളും ഉ ാകും. ഇതിനായി 123 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേ ിവരിക എന്ന് പദ്ധതി റിപ്പോർട്ടിൽ വ്യക്തമാകുന്നു ്.

കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്തോട് ചേർന്ന് കിടക്കുന്ന കൊടുവള്ളി, ജ്വല്ലറി മേഖലയിൽ കേരളത്തിലെ ഏറ്റവും വലിയ മാർക്കറ്റാണ്. ഇതിനെ മുംബൈയിലെ സവേരി മാർക്കറ്റിന് സമാനമായി കണക്കാക്കുന്നു. അതുപോലെ തന്നെ ത്വരിതഗതിയിലുള്ള വികസനം കാരണം 01.11.2015 മുതൽ കൊടു വള്ളി ഗ്രാമപഞ്ചായത്തിനെ 36 വാർഡുള്ള മുൻസിപാലിറ്റിയായി സ്ഥാനകയറ്റം നൽകിയിട്ടു ്. ഈ പ്രദേശത്തിന്റെ മൊത്ത വികസനം സാധ്യമാവുകയും ഗതാഗത സ്തംഭനം മൂലം ഉ ാകുന്ന സമയ നഷ്ടവും ഇന്ധന നഷ്ടവും ഒരു പരിധി വരെ പരിഹരിക്കപ്പെടുകയും ഗതാഗത സ്തംഭനത്തിൽപ്പെടുന്ന വാഹനങ്ങൾ പുറപ്പെടുവിക്കുന്ന പുകയും നിരന്തരമായ ഹോൺ ശല്യവും ഇല്ലാതാവുകയും ജനങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുകയും ചെയ്യും. അപകട സാധ്യത കൂടിയ ഈ സ്ഥലത്തു ാകുന്ന നിരന്തരമായ അപകടങ്ങളുടെ എണ്ണം കുറയുകയും അതു വഴി മനുഷ്യ

ജീവനും തൊഴിലിനും വാഹനങ്ങൾക്കും ഉ ാകുന്ന നഷ്ടം ഒഴിവാക്കപ്പെടുകയും ചെയ്യും. പൊതുവെ ഈ ഫ്ളൈ ഓവർ എല്ലാ വിഭാഗക്കാർക്കും ഗുണകരമായിരിക്കും.

**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം**

കൊടുവള്ളിയിൽ ഫ്ളൈ ഓവറും അടിപ്പാതയും സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിനായി കോഴിക്കോട് താലൂക്കിലെ കൊടുവള്ളി അംശത്തിലെ 0.2810 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേ ിയിരിക്കുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | 34 ഭാഗം | 0.0310 |
| 2 | 35 ഭാഗം | 0.0580 |
| 3 | 46 ഭാഗം | 0.0260 |
| 4 | 52 ഭാഗം | 0.0300 |
| 5 | 53 ഭാഗം | 0.0240 |
| 6 | 54 ഭാഗം | 0.0120 |
| 7 | 65 ഭാഗം | 0.1000 |
| **ആകെ** | | **2810** |

**പകരം ഭൂമി ലഭ്യത**

കോഴിക്കോട് ജില്ലയിലെ ഏറെ ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന കൊടുവള്ളി ജംങ്ക്ഷനിലെ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ഫ്ളൈ ഓവറും അടിപ്പാതയും സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിനാണ് സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേ ി വരുന്നത്. പടിഞ്ഞാറ് ഭാഗത്തുള്ള സ്കഡ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ മുതൽ കിഴക്ക് ഭാഗത്ത് എക്സ്ട്രാ അപ്പാരൽ സ്റ്റോർ വരെയുള്ള സ്ഥലമാണിത്. റോഡിന്റെ ഇരു വശത്തുമുള്ള സ്ഥലം ഏറ്റെടുത്താൽ മാത്രമേ പദ്ധതിക്കായി ഉപയോഗിക്കാൻ പറ്റുകയുള്ളൂ. അതിനാൽ തന്നെ പകരം ഭൂമി ലഭ്യത പരിഗണിക്കാനാകുന്നതല്ല.

**ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ**

ഇവിടെ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്, ഏറ്റവും തിരക്ക് പിടിച്ച, തുടരെ തുടരെ അപകടങ്ങൾ ഉ ാകുന്ന പലപ്പോഴും ഗതാഗത സ്തംഭനം ഉ ാകുന്ന കൊടുവള്ളി ജംങ്ക്ഷനിലെ കുരുക്ക് പൂർണ്ണമായും അഴിച്ച് ഇതു വഴി യാത്ര ചെയ്യുന്ന മുഴുവൻ പേർക്കും ഏളുപ്പത്തിൽ കോഴിക്കോടോ, താമരശ്ശേരിയോ എത്തിച്ചേരാൻ സൗകര്യമൊരുക്കുന്നതിനാണ്. ഈ ഭൂമി ആവശ്യമു ് എന്ന് അർത്ഥന നടത്തുന്നത് മാനേജിംഗ് ഡയറക്ടർ ആർ.ബി.ഡി.സി.കെ ലിമിറ്റഡ് ആണ്. ഇത് കേരള സർക്കാരിന് കീഴിൽ 23.09.1999 ൽ സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ്. കേരളത്തിൽ റോഡുകളും പാലങ്ങളും

നിർമ്മിക്കുന്നതിനായി രൂപീകരിക്കപ്പെട്ട ഈ കോർപ്പറേഷൻ, ഇതേ ആവശ്യത്തിനായി പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഒരു കമ്പനിയാണ്. സ്വന്തമായോ,വായ്പയായിട്ടോ, ഷെയർ, ഡിബഞ്ചർ, ബോ ് മുഖേനയോ സർക്കാർ ഗ്രാന്റ് വഴിയോ ഫ ് സമാഹരിച്ചാണ് ഈ കമ്പനി പ്രവർത്തിക്കുന്നത്. മരാമത്ത് വകുപ്പ് മന്ത്രി ചെയർമാനായ ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ അഖിലേന്ത്യാ സർവ്വീസിലുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കും. അർത്ഥനാധികാരിയുടെ ആവശ്യം സർക്കാർ വഴി ജില്ലാ കളക്ടറേറ്റിലേക്കാണ് എത്തുന്നത്. ഇതിന്റെ പഠനം നടത്തുന്നതിനുള്ള സാമൂഹ്യ ആഘാത പഠന യൂണിറ്റിനെ നിശ്ചയിക്കുന്നതും ജില്ലാ കളക്ടർ തന്നെയാണ്. ആർ.ബി.ഡി.സി.കെ ലിമിറ്റഡ് പൂർണ്ണ സർക്കാർ സ്ഥാപനമാണ്, അതായത് പൊതുസ്ഥാപനം. സാധാരണ ജനങ്ങൾക്കായി റോഡുകളും പാലങ്ങളും നിർമ്മിക്കുകയും, കാലാകാലങ്ങളിൽ അതിന്റെ അറ്റകുറ്റ പണി നടത്തുന്നതും ഈ കമ്പനി തന്നെയാണ് .ഈ പ്രദേശത്തെ നാട്ടുകാരുടെ ഏറെ കാലത്തെ ആഗ്രഹവുമാണ്. പൊതു ജന താൽപ്പര്യം സംരക്ഷിക്കുന്നതിനാണ് ഇവിടെ ഭൂമി ഏറ്റെടുക്കുന്നത്. ഭൂമി ആവശ്യമായി വരുന്നത് പൊതു സ്ഥാപനത്തിനാണ്. അതിനായി എല്ലാ പശ്ചാത്തല സൗകര്യവും ഒരുക്കുന്നത് കേരള സർക്കാർ തന്നെയാണ്. അതിനാൽ ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ് എന്ന് വ്യക്തമാക്കുന്നു.

## ഭൂമിയുടെ സ്വഭാവം

കൊടുവള്ളിയിൽ ഫ്ളൈ ഓവറും അടിപ്പാതയും സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിനായി കോഴിക്കോട് താലൂക്കിലെ കൊടുവള്ളി അംശത്തിലെ 0.2810 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ആകെ നീളം 680 മീറ്ററാണ്. ഇത് 123 സെന്റ് സ്ഥലമാണ്. ഇത് തോട്ടം വിഭാഗത്തിൽപ്പെടുന്നവയാണ്. ആദ്യം മുതൽ അവസാന ഭാഗം വരെ റോഡിന്റെ ഇരു വശവുമാണ്. ഇവിടെ ബഹുനില കെട്ടിടങ്ങളാണുള്ളത്. ഒഴിഞ്ഞ പറമ്പുകൾ വളരെ കുറച്ച് മാത്രമേ ഉള്ളൂ.

## ഭൂമിയുടെ ഉടമസ്ഥർ

നേരത്തെ വ്യക്തമാക്കിയത് പോലെ ഏറ്റെടുക്കാനുദ്ദേശിക്കപ്പെടുന്നത് 0.2810 ഹെക്ടർ സ്ഥലമാണ്. ഇത് റീ. സ. 34,35,46,52,53,54,65 എന്നിവയുടെ ഭാഗമാണെങ്കിലും പല കൈ മറിഞ്ഞ് പലരുടെയും കൈവശങ്ങളിലാണ്. ഉടമകളുടെ ലിസ്റ്റിനായി ബന്ധപ്പെട്ടവരെ സമീപിച്ചെങ്കിലും വ്യക്തമായ ധാരണ ലഭിക്കാത്തതിനാൽ, കൊടുവള്ളി വില്ലേജ് ആഫീസിൽ നിന്ന് പ്രസ്തുത സ്ഥലത്തിന്റെ പേരിൽ നികുതി അടച്ചവരുടെ ലിസ്റ്റ് ശേഖരിക്കുകയുമാണ് ചെയ്തത്. ഇത് താഴെ കാണിച്ചിരിക്കുന്നു.

| ക്രമ ന മ്പർ | സർവ്വേ നമ്പർ | വിസ്തീർണ്ണം | വിവ രണം | ഭൂ ഉടമസ്ഥൻ |
|---|---|---|---|---|
| 1 | റീ.സ 34/2B,3, 4, 5A, 5B, 7 B, 8B, 9 | 0.0310 | തോട്ടം | ഉമ്മാച്ചുമ്മ,മുസ്ലീംഓർഫനേജ്, ഫവാസ്, വിജയൻ,മുത്തു ബീവിമുതൽപേർ,ഇ.സി.മുഹമ്മദ് മുതൽപേർ,മുഹ മ്മദ്അബ്ദുറഹ്മാൻ,നിസ്മ മുഹമ്മദ്ഹാജി,ഷബീ റ,ഇ.കെറഷീദ്, ഉമ്മർഹാജി,അബ്ദുൾഖാദർ,അൻസാ റുൽഹുദാംമദ്രസ്സ |
| 2 | റീ.സ 35/7 B1, B2,8 | 0.0580 | തോട്ടം | ജാഫിസ് മുതൽപേർ,മലബാർ ഷോപ്പിംഗ് കോംപ്ലക്സ്, കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക്, നാസർ മുതൽപേർ, ഷബീന,ഷാഹിന,മുഹമ്മദ് ഷഫീഖ്, ഇക്ബാൽ സഖരിയ,ഷഹന |
| 3 | റീ.സ 46/1,2,5 | 0.0260 | തോട്ടം | ഷറഫുദ്ദീൻ,ഖദീജമുതൽപേർ,ഷരീഫ മുതൽ പേർ,ജമാലു ദ്ദീൻ, നജുമുദ്ദീൻ, ബദറുദ്ദീൻ,ഖമറുദ്ദീൻ,ഷംസുദ്ദീൻ,നദീ റ,അബ്ദുൾമജീദ്, ഹാരിസ് മുതൽപേർ, അഷ്റഫ്,ഇസ്മ യിൽ,മുസ്തഫ, മൊയ്തീൻ ഹാജി |
| 4 | റീ.സ 52/1,2,3, 4,5,9 | 0.0300 | തോട്ടം | ജോസ് ജോൺ,റുഖിയ മുതൽപേർ,അബ്ദുൾ ജലീൽ,ബീ ന,മൊയ്തീൻകുട്ടി,പാത്തൂട്ടി, ആറ്റ കോയതങ്ങൾ, ഖദീജ മുഹമ്മദ്, ഷാഹുൽ ഹമീദ്, ആയിഷ മുതൽപേർ,ബുഷ്റ, ഖമറുന്നിസ, ഫാത്തിമത്ത് സുഹ്റ |
| 5 | റീ.സ 53/1,2 A, 2 **B** | 0.0240 | തോട്ടം | അബ്ദുൾ റസാഖ്, മുഹമ്മദലി, ഫാത്തിമഉമ്മ, സുലൈഖ, കുഞ്ഞിമുഹമ്മദ്, അബ്ദുൾ നാസർ,ഉസ്മാൻകോയ മുതൽപേർ,സൈനബ |
| 6 | റീ.സ 54/2,4 | 0.0120 | തോട്ടം | അബ്ദുൾഅസീസ്,നിഹാദ്മുതൽപേർ, സയിദ് അഷ്റഫ് കോയതങ്ങൾ, ജാഫർ, ഷരീഫ,റഫീഖ്,മുത്തു ബീവിമുതൽപേർ, ചെറിയ അഹമ്മദ് ഹാജി മുതൽപേർ, കെ.ബാബു, ഹംന,മുഹമ്മദ് അഷ്റഫ്, അബ്ദുൾ ഷുക്കൂർമുതൽ പേർ,ജമീല,സജ്ന,ഉമുൽ ഐമൻ, സുബൈദ, റസിയ |
| 7 | റീ.സ 65/1,3,4A ,4 **B** | 0.1000 | തോട്ടം | ഹമീദ,അബ്ദുൾറഹ്മാൻ,സലീനമുഹമ്മദ്, പരിയേയിക്കുട്ടി ഹാജി, അബ്ദുൾ ഷുക്കൂർ മുതൽപേർ, അഹമ്മദ്ക്കുട്ടി, സുലൈഖ, റംല മുതൽപേർ, ഷരീഫ മുതൽപേർ, സുൽഫിക്കർ അലി, റഷീദ, അഹമ്മദ് യസീം മുതൽപേർ, മുഹമ്മദ്,അബ്ദുൾറഹീം, മുഹമ്മദ് റഷീദ്,ആമിന മുതൽപേർ, സഫിയ മുതൽപേർ, അബ്ദുൾ റഷീദ് മുതൽപേർ |

**കൃഷികൾ**

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ആദ്യ ഘട്ടത്തിലെ സ്ഥലം സിറാജ് മസ്ജിദ് മുതൽ കൊരുവിൽ ജുമാമസ്ജിദിന്റെ മുൻവശം വരെയാണ്. ഇതിന്റെ ഇരു വശത്തായി, മുസ്തഫയുടെ ഫർണ്ണിച്ചർ ഷോപ്പിന്റെ പറമ്പിൽ ആറ് തെങ്ങും ഒരു പുളി മരവും, തൊട്ടടുത്ത അബ്ദുൾ റഷീദിന്റെ പറമ്പിൽ ഒരു തെങ്ങും, ഒരു കവുങ്ങും അൽപം വാഴകളും, ഷുക്കൂർ കൊടുവള്ളിയുടെ പറമ്പിൽ രണ്ട് തെങ്ങും, ഒരു പ്ലാവും മാത്രമാണുള്ളത്. ഇത് ഒരു കൃഷി ഭൂമി അല്ല. രണ്ടാം ഘട്ടത്തിലെ സ്ഥലം ജമാഅത്ത് പള്ളിയുടെ മുൻ വശത്തുള്ള ഓട്ടോ സ്റ്റാന്റ് മുതൽ കിഴക്ക് ഭാഗത്തുള്ള Pee Pee Battery Land വരെയുള്ള സ്ഥലത്ത് K.M.O ഇസ്ലാമിക് അക്കാദമി പറമ്പിൽ അൽപം വാഴകൾ മാത്രമാണുള്ളത്. അതിനാൽ തന്നെ ഇത് ഒരു കൃഷി ഭൂമി അല്ല.

**സ്ഥാപനങ്ങൾ**

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലം പഴയ RCEC റോഡ് മുതൽ കൊരുവള്ളി ജുമാമസ്ജിദിന്റെ മുൻഭാഗത്തുള്ള ജംങ്ക്ഷൻ വരെയും അവിടെ നിന്ന് NH 766 ന്റെ ഇരു വശവുമാണ്. അതിവേഗത്തിൽ വികസിച്ചുവരുന്ന കൊടുവള്ളി നഗരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കി ഫ്ളൈ ഓവർ നിർമ്മിക്കുന്നതിന് ഏറ്റെടുക്കുന്ന സ്ഥലം റോഡിന്റെ ഇരു വശവുമാണ്. ഇവിടെ ബഹുനില കെട്ടിടങ്ങളിൽ നൂറിലധികം കച്ചവട സ്ഥാപനങ്ങളും ഉണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ കാണിച്ചിരിക്കുന്നു.

**1.ശംസുൽ ഉലമ മെമ്മോറിയൽ റിയാദുസ്സാലിഹിൻ കൾച്ചറൽ ആന്റ് എജ്യുക്കേഷണൽ കോംപ്ലക്സ് (RCEC)**. 1952 ൽ സ്ഥാപിക്കപ്പെട്ട ഒരു എജ്യുക്കേഷണൽ കോംപ്ലക്സ് ആണിത്. ഒരു വർഷം മുൻപ് വരെ ഇവിടെ ഒരു വനിതാ കോളേജും മദ്രസ്സയും പ്രവർത്തിച്ചിരുന്നു. ഇപ്പോഴും ഈ കോംപ്ലക്സിന്റെ ആഫീസ് ഇവിടെ പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിന്റെ ഏറ്റവും പടിഞ്ഞാറ് ഭാഗത്തെ മുറിയിൽ 1990 മുതൽ സ്കഡ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിന്റെ തൊട്ടടുത്തായി ഷെയ്ക്കാ പർദ്ദ എന്ന തുണിക്കടയും, മുസ്തഫയുടെ ഫർണ്ണിച്ചർ ഷോപ്പ്, ഹോം സ്റ്റൈൽ, റാഹത്ത് വെജിറ്റബിൾ ആന്റ് ചിക്കൺ, ഹോട്ടൽ ന്യൂ പ്ലാസ, ഗ്ലാസ് ഇന്ത്യ, ഓണസ്റ്റ് ബേക്കറി എന്നിവയും ഉണ്ട്.

**2.കൊരുവിൽ ജുമാ മസ്ജിദ്-**

പഴയ സിറാജ് റോഡ് , ജംങ്ക്ഷനിൽ എത്തിച്ചേരുന്നതിന്റെ ഇടതു വശത്തായി കൊരുവിൽ ജുമാ മസ്ജിദ് സ്ഥിതി ചെയ്യുന്നു. ഈ മേഖലയിലെ മുസ്ലീം സഹോദരൻമാർ പ്രാർത്ഥനയ്ക്കായി ഉപയോഗി

ക്കുന്ന പള്ളിയാണിത്. വെള്ളിയാഴ്ച ജുമാ നിസ്ക്കാരവും ഇവിടെ നടക്കുന്നു. ഈ പള്ളിയുടെ ഗേറ്റിന്റെ ഭാഗങ്ങൾ പൊളിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്.

**3. ഓട്ടോസ്റ്റാന്റ്-** ജംങ്ക്ഷനിൽ രണ്ട് ഭാഗത്തായി ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്ന സ്ഥലമുണ്ട്. പഴയ റോഡ് ഹൈവേ ക്രോസ് ചെയ്യുന്ന സ്ഥലത്ത് പതിനഞ്ചോളം ഓട്ടോകൾ പാർക്ക് ചെയ്യുന്നുണ്ട്. അതു പോലെ മുൻസിപ്പൽ ബസ്സ്റ്റാന്റിന് പുറത്തായി അമ്പതോളം ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നു.

**4. K.M.O ഇസ്ലാമിക് അക്കാദമി** - വിവധങ്ങളായ സ്ഥാപനങ്ങളും ഖുറാൻ പഠന കേന്ദ്രങ്ങളും ഉള്ള ഒരു സ്ഥാപനമാണിവ. ഏകദേശം അഞ്ച് വർഷമായി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ മുൻ ഭാഗം മാത്ര മാണ് അടയാളപ്പെടുത്തിയിരിക്കുന്നത്.

**5. കൊടുവള്ളി മുസ്ലീം യത്തീംഖാന** - നാൽപത് വർഷത്തോളമായി പ്രവർത്തിച്ചു വരുന്നു. പ്രവർത്തിച്ചു വരുന്ന ഒരു അനാഥമന്ദിരമാണിത്. ഏകദേശം അഞ്ഞൂറിലധികം കുട്ടികൾ ഇവിടെ താമ സിച്ചു പഠിക്കുന്നു. ഇതിൽ ഭൂരിഭാഗവും പാവപ്പെട്ട അനാഥരാണ്.

**6. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്-** സർക്കാർ ഉടമസ്ഥതയിലുള്ള KSFE യുടെ കൊടു വള്ളി ശാഖ പ്രവർത്തിക്കുന്നത് അടയാളപ്പെടുത്തപ്പെട്ട ഒരു കെട്ടിടത്തിന്റെ മുകളിലാണ്. അന്വേഷിച്ച പ്പോൾ, ഈ കെട്ടിടത്തിൽ നിന്നും ഓഫീസ് മാറ്റാനുള്ള ശ്രമം നടക്കുന്നുണ്ട് എന്നറിയാൻ സാധിച്ചു.

**7. കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക്** - ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് പദവിയിലുള്ള കൊടു വള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് റോഡരികിൽ സ്ഥിതി ചെയ്യുന്നു. ബാങ്കിന്റെ കൊടുവള്ളി ബ്രാഞ്ച്, മിനി കോൺഫറൻസ് ഹാൾ, ജനറൽ കോൺഫറൻസ് ഹാൾ എന്നിവയുള്ള ഒരു വലിയ കെട്ടിട സമുച്ചയമാണിത്. അമ്പത് വർഷത്തോളമായി ഇവിടെ പ്രവർത്തിച്ചു വരുന്നു.

**8. MPC ഹോസ്പിറ്റൽ** - ഈ പ്രദേശത്തെ, സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്ന, ഏറ്റവും മികച്ച ഒരു ആശുപത്രിയാണിത്. 25 വർഷത്തോളമായി ഇവിടെ പ്രവർക്കുന്നു. 20-25 രോഗികളെ കിടത്തി ചികിത്സിക്കുന്നു.

**9. വ്യാപാരഭവൻ**- കൊടുവള്ളിയിലെ വ്യാപാരി-വ്യവസായികളുടെ നേതൃത്വത്തിലുള്ള വ്യാപാരഭവൻ ഇവിടെ പ്രവർത്തിച്ചു വരുന്നു.

ഇതുകൂടാതെ, സ്വർണ്ണഭവൻ, ബിസ്മി സ്റ്റേഷനറി, ഇ. സി. ഷോപ്പിംഗ് മാൾ, അനുഗ്രഹ സ്റ്റോർ, ഗ്ലാസ്സോ പ്ലൈ, ടോം ആന്റ് ജെറി, അൽബ മൊബൈൽസ്, ഗൾഫ് ബസാർ, ഓപ്പോ ഗ്യാലക്സി, ഉല്ലാസ് ജ്വല്ലറി, അമീൻ ജ്വല്ലറി, പള്ളിക്കൽ ജ്വല്ലറി, യുനാനി ആയുർവ്വേദ മെഡിക്കൽ ഷോപ്പ്, ഗ്രീൻ ചാനൽ ട്രാവൽസ്, ശരവണ വാച്ചസ്, ക്ലാസിക് ടൈലറിംഗ്, മാക്സ് ഫുട്വെയർ, കീഴ്മഠത്തിൽ ജ്വല്ലറി, രാജധാനി ജ്വല്ലറി, അവന്യൂ ഗോൾഡ്, മംഗല്യ ടെക്സ്റ്റൈൽസ്, Pee Pee Battery Land, യാഷ് ഫുട് വെയർ, വെസ്റ്റ് വോഗ് ടെക്സ്റ്റൈൽസ്, ജസ്റ്റ് ഫീമെയിൽ, പി.വി. എസ്. ഡ്രൈഫ്രൂട്ട്സ് ആന്റ് ചോക്ക്ലേറ്റ്സ്, യോളിക് ഡ്രസ്സ്, സെല്ല ലേഡീസ് ആന്റ് കിഡ്സ്, മെറാകി, ടി. പി കളക്ഷൻസ്, മർഹബ പർദ്ദ, മൈ പപ്പ ക്ലോത്ത്സ്, മെഹ്ഫിൽ പർദ്ദ, സഫ ഓഫ്സെറ്റ് പ്രിന്റിംഗ്, സി.കെ. സ്റ്റോർ, ത്വയിബ ടോയ്സ്, ഗിഫ്റ്റ് ഹൗസ്, ചായക്കട, ലുലുഫാഷൻ ജ്വല്ലറി, ബ്യൂട്ടി നൈറ്റീസ്, ഹൂർലിൻ പർദ്ദ, സ്റ്റൈലോ ഫുട് വെയർ, സെന്റ്. ഗൊബെയിൻ ഗ്ലാസ് പ്ലൈ ഷോറൂം, ഷി ഡോട്ട്, മൈ ബേബി ഫോർ കിഡ്സ്, തണൽ കൂൾബാർ ആന്റ് ഫാസ്റ്റ് ഫുഡ്, ലാവിഷ് ലേഡി, തങ്ങൾസ് ജ്വല്ലറി, സാറ്റിൻ ഫാഷൻ ഡിസൈൻ, മുത്തൂറ്റ് ഫിനാൻസ്, ടേസ്റ്റി ടീ ആന്റ് കോഫി, ഫ്രൂട്ട് ബീ, പി.വി.സി. ബനാന, MICE ബേക്കറി ആന്റ് കൂൾബാർ, എൻ. കെ സ്റ്റോർ, ആരാമം ടെക്സ്റ്റൈൽസ്, ന്യൂചോയ്സ്, കോട്ടൺ സ്പോട്ട്, സോസേജ് ഹൈപവർ ഫാർമ, മുസ്താക്കിൻ ലേഡീസ് ആന്റ് കിഡ്സ്, പിൻകി ഗ്യാരണ്ടി, സാരിസ് സ്റ്റുഡിയോ, സക്കീറ സ്റ്റോർ, അൽ അമീൻ ടീഷോപ്പ്, എക്സ്ട്രാ അപ്പാരൽ സ്റ്റോർ, SANJI ഹൈപർ മാർക്കറ്റ്, ഡ്രിപ്സ് ബേക്സ് കഫേ, പോഷ്മാൻ, കിഡ്സ്, ലെഗ്സ് പാർക്സ്, SAS ടൂറിസ്റ്റ് ലോഡ്ജ്, ഫെലിസ് ഫാൻസി ഗിഫ്റ്റ് ആന്റ് ടോയ്, കോട്ടയ്ക്കൽ ആര്യവൈദ്യശാല ആയുർവ്വേദ മെഡിക്കൽ ഷോപ്പ്, ഇംഗ്ലീഷ് മെഡിക്കൽസ്, മുനീർസ് തങ്ങൾ ജ്വല്ലറി, മെഹറിൻ ഗോൾഡ് പാലസ്, സഫിയ ക്രോക്കറി, അനുഗ്രഹ സ്റ്റോർ, ആർ. സി ഫർണ്ണിച്ചർ, ഗ്യാലക്സി ഫുട് വേർ, എന്നിങ്ങനെ വിവിധ സ്ഥാപനങ്ങളും മറ്റും പ്രവർത്തിച്ചു വരുന്നു.

## സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ കൊടുവള്ളി അംശത്തിലെ 0.2810 ഹെക്ടർ സ്ഥലം ഫ്ളൈ ഓവറും അടിപ്പാതയും സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കേ തിലേക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി സാഹൂഹ്യ ആഘാതങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ

ബർണ്ണശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന Track A NGO ആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) 15.10.2019 ലെ DCKKD-10547/2018 ബി 4- നമ്പർ നടപടി ക്രമപ്രകാരം കോഴിക്കോട് ജില്ലാ കളക്ടറർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 14.10.2019 ലെ 2418-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ.കെ വി ചന്ദ്രൻ (റിട്ട.ഫിഷറി ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രമതി. ജെസി റെജി (ഡി. റ്റി. പി ഓപ്പറേറ്റർ) | അംഗം |
| 4 | ശ്രീ. വിനു | ഓഫീസ് അസിസ്റ്റന്റ് |

**പഠനോപാധികൾ**

കോഴിക്കോട് താലൂക്കിലെ കൊടുവള്ളി വില്ലേജിലെ സിറാജ് ഫ്ളൈ ഓവറും അടിപ്പാതയും സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിനായി കൊടുവള്ളി ദേശത്തിൽ റീ.സ 34,35,46,52,53,54,65 എന്നീ സർവ്വേ നമ്പറുകളിലെ ഭാഗങ്ങളായ 0.2810 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേ ിയിരിക്കുന്നത്. ഇവിടെ നഗരമദ്ധ്യത്തിലെ റോഡിന്റെ ഇരുവശങ്ങളിലുമായുള്ള ബഹുനില കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന വ്യാപാര- വ്യവസായ-വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആശുപത്രി, ബാങ്ക്, മതസ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ച് വരുന്നു. അതുകൊ ് Stskeholder Analysis, SARAR (Self Esteem, Associative strength, Resourcefullness, Action planning and Responsibility), Beneficiary assessment, Participatory Observation,Focus group meeting എന്നീ ടൂളുകൾ ഉപയോഗിച്ച് മുഴുവൻ വ്യാപാരികളെയും മറ്റ് സ്ഥാപന മേധാവികളെയും, ഓട്ടോറിക്ഷ ഡ്രൈവർമാരെയും ഭൂവുടമകളെയും നേരിൽ ക ് കൂടിക്കാഴ്ച നടത്തി, സംസാരിച്ച് സ്ഥലത്തിന്റെ ഫോട്ടോകളും മറ്റും എടുത്താണ് പഠനം നടത്തിയിരിക്കുന്നത്. ഉടമകളുടെയും മറ്റ് തൽപ്പര കക്ഷികളുടെയും ഇടയിൽ നിന്ന് കൂടുതലായി ഉയർന്നു വരാറുള്ള പരാതികളും മറ്റും പൊതു കേൾക്കൽ സമയത്ത് ശേഖരിക്കാൻ കഴിയുമല്ലോ. അതിനാൽ തന്നെ മറ്റ് പഠനോപാധികൾ ഒന്നും തന്നെ ഉപയോഗിക്കേ ി വന്നിട്ടില്ല.

**പൊതുഅവകാശവാദം കേൾക്കൽ**

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കൊടുവള്ളി അംശത്തിൽ സിറാജ് ഫ്ലൈഓവർ നിർമ്മാണത്തിന് സ്വകാര്യ വ്യക്തികളുടെ ഭൂമി, 2013 ലെ RFCTLARR Act ചട്ടം 14

(1) പ്രകാരം, ഭൂവുടമകളുടെയും തല്പരകക്ഷികളുടെയും അഭിപ്രായം ആരായുന്നതിനുള്ള പൊതു അവകാശവാദയോഗം 20.12.2019 കൊടുവള്ളി സർവീസ് സഹ.ബാങ്ക് ആഡിറ്റോറിയത്തിൽ 2:00 മണിക്ക് ചേർന്നു. പഠന യൂണിറ്റ് അംഗം ശ്രി കെ.വി.ചന്ദ്രൻ യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തതിനോടൊപ്പം ഭൂമി ഏറ്റെടുക്കലിനുള്ള ആവശ്യകത വ്യക്തമാക്കി. തുടർന്ന് കാരാട്ട് റസാഖ് എം.എൽ.എ.യോഗം ഉദ്ഘാടനം ചെയ്തു. RBDCK ലെ ഡെ.കളക്ടർ ശ്രീ.മുഹമ്മദ് അസ്‌ലം , പ്രൊജക്റ്റ് മാനേജർ അജ്മൽ എന്നിവർ പവർപോയിന്റ് പ്രേസേന്റേഷൻ നടത്തി. യോഗത്തിന്റെ തീരുമാനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**1. ശ്രീ.എം.പി.സി. ഹസ്സൻ**

ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുമെന്ന് അറിയാം. അതോടൊപ്പം ഇവിടെ നിന്നും ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാർക്ക് ഏതു തരത്തിലുള്ള നഷ്ടപരിഹാരം നൽകുമെന്ന് വ്യക്തമാക്കണം.

**2. ഒ.കെ.മുഹമ്മദ് അലി (ഭൂവുടമ)**

40 ഓളം മുറികൾ എനിക്ക് സ്വന്തമായുണ്ട്. താഴെ 1 ½ മീറ്റർ ഉള്ളിലേക്ക് അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതിനു എങ്ങിനെയാണ് നഷ്ടപരിഹാരം നൽകുകയെന്നത് വ്യക്തമാക്കണം. ബിൽഡിംഗ് പൊളിക്കില്ല. സർവീസ് റോഡ് അതിനോട് ചേർന്നു പോകുമ്പോൾ കച്ചവടം നടത്താൻ കഴിയില്ല.ഒഴിഞ്ഞു പോകാനും പറ്റില്ല.ഇത് പ്രയാസം ഉണ്ടാക്കും. ഫ്ലൈഓവർ വേണം. ഇവിടെ അണ്ടർപാസ്സ് വേണോ എന്ന് ചിന്തിക്കണം. കൊടുവള്ളി എന്ന പട്ടണം തന്നെ വിസ്മൃതിയിലേക്കു പോകുമെന്ന് ഭയപ്പെടുന്നു. പഴയതു പോലെ ഇവിടെ ട്രാഫിക് ജാം ഇല്ല. മുൻപ് വണ്ടികൾ ഇവിടെ പാർക്ക് ചെയ്തു പോകുന്ന പതിവ്, സംഘടനകൾ ഇടപെട്ടു ഒഴിവാക്കി. അണ്ടർപാസ്സ് പുനർവിചിന്തനത്തിനു വിധേയമാക്കണം. കടയുടെ മുന്നിൽ ഫുട്പാത്ത് അടക്കമുള്ള സൗകര്യങ്ങൾ വേണം . വിശദമായ പഠനം നടത്തിയതിനു ശേഷം മാത്രമേ നടപ്പിലാക്കാവൂ.

**3. പി.ടി.എ.ലത്തീഫ് (വ്യാപാരി വ്യവസായി സംഘം)**

എല്ലാവിധ പിന്തുണയും പ്രഖ്യാപിക്കുന്നു. 30 വർഷത്തിനുമേൽ ഇവിടെ കച്ചവടം നടത്തിവരുന്ന ഏറെ കച്ചവടക്കാർ ഇവിടെയുണ്ട്. ഭാഗികമായി നഷ്ടപെടുന്നവർ , മുൻഭാഗം നഷ്ടപെടുന്നവർ തുടങ്ങി പല തലത്തിലാണ് നഷ്ടം വരുന്നത്. മലാപ്പറമ്പ്, എരഞ്ഞിപ്പാലം എന്നിവിടങ്ങളിൽ പ്രത്യേകരീതിയിൽ ക്രമീകരിച്ചു കച്ചവടക്കാർക്ക് സൗകര്യം ചെയ്തിരുന്നു.അത് ഇവിടെ പ്രായോഗികമാക്കണം. കച്ചവടക്കാർ വഴിയാധാരമാകാനുള്ള സാഹചര്യം ഇവിടെ ഉണ്ടാകരുത്. ഇവർ സാമ്പത്തിക ഭദ്രത ഉള്ളവരല്ല.

**4. കെ.സുരേന്ദ്രൻ (ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ)**

വ്യാപാര സമൂഹത്തിന്റെ എല്ലാ പിന്തുണയും പ്രഖ്യാപിക്കുന്നു. ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കാം എന്നാൽ വ്യാപാരികൾക്ക് പലസ്ഥലത്തും നിന്നും നൽകുന്ന നഷ്ടപരിഹാരം വളരെ തുച്ഛമായിരുന്നു. മുഴുവനായി കച്ചവടം നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ സൗകര്യം ലഭ്യമാക്കണം.

a. നിയമപരമായ വിഷയങ്ങൾ (റോഡിൽ നിന്നുള്ള അകലം)
b. തൊഴിൽസ്ഥാപനം ഒഴിഞ്ഞുകിട്ടാനുള്ള ജന്മിമാരുടെ രീതി.
c. തൊഴിലെടുക്കുന്ന ഒരുപാട് ജീവനക്കാർ . ഇവരുടെ കാര്യം പ്രത്യേകം പരിഗണിക്കണം.

പൊളിച്ചു കഴിഞ്ഞാൽ അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തിയാക്കപ്പെടണം. പലസ്ഥലത്തും ഇത് പൊളിച്ചതിനു ശേഷം ഒന്നും ചെയ്യാതെ കിടക്കുന്നു.വ്യാപാരസ്ഥാപനങ്ങൾക്കു ആർക്കൊക്കെ, എന്തൊക്കെ നഷ്ടപ്പെടുമെന്ന് വ്യക്തമാക്കപ്പെടണം.

**5. സലിം നെചോളി**

വികസനത്തിന് വേണ്ടി ആരുടേയും കണ്ണുനീർ വീഴുന്ന അവസ്ഥ ഉണ്ടാകരുത്.

**6. സോനുത് ബഷീർ (ഹസ്സൻ കോയ വിഭാഗം – വ്യാപാരവ്യവസായ സമിതി)**

കടകൾ ഒഴിഞ്ഞു കൊടുക്കണമെന്ന് ആവശ്യപ്പെട്ടു ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തുന്നു. കച്ചവടക്കാർക്ക് ഉണ്ടാകുന്ന നഷ്ടപരിഹാരം ആദ്യം തന്നെ കണക്കാക്കി നഷ്ടപരിഹാരം നൽകണം. ഭാഗികമായി പൊളിക്കപെടുന്നവർക്കും നഷ്ടപരിഹാരം വേണം.

വ്യാപാര വ്യവസായ ഏകോപന സമിതിയുടെയും ഗോൾഡ് ആൻഡ് സിൽവർ മെർച്ചന്റ് സിന്റെയും പ്രത്യേകം പ്രത്യേകം ഹരജികൾ കിട്ടിയിട്ടുണ്ട്. ഇത് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപെടുത്തി പരിഹാരത്തിന് ശ്രമിക്കുമെന്ന് എം.ൽ.എ അറിയിച്ചു.
പദ്ധതിയുടെ തുടർനടത്തിപ്പിനായി ഒരു സപ്പോർട്ടിങ് കമ്മിറ്റി രൂപികരിച്ചു.

## സപ്പോർട്ടിങ് കമ്മിറ്റി

| | |
|---|---|
| **ചെയർമാൻ** | കെ.ബാബു |
| **വൈസ് ചെയർമാൻ** | ടി.കെ. മുഹമ്മദ് മാസ്റ്റർ<br>കെ.സുരേന്ദ്രൻ<br>തങ്ങൾസ് മുഹമ്മദ് |
| **ജനറൽ കൺവീനർ** | പി.ടി.എ.ലത്തീഫ് |
| **ജോയിന്റ് കൺവീനർ** | കെ. അസ്സയിൻ<br>പി.ടി.അസ്സയിൻകുട്ടി<br>അശ്റഫ് വാവാട്ട<br>ഒ.ടി.സുലൈമാൻ<br>ഒ.പി.റസാഖ് |

## മെമ്പർമാർ

1. കല്ലിടുക്കിൽ അബു
2. ഒ.കെ.നജീബ്
3. സി.പി.ഫൈസൽ
4. കോതുർ മുഹമ്മദ് മാസ്റ്റർ

5. ഒ.പി.ഐ. കോയ
6. കെ.സി.എൻ അഹമ്മദ് കുട്ടി
7. മാതോലത്ത് അബ്ദുല്ല
8. സി.എം.ബഷീർ
9. അർഷാദ്
10. പി.സി.വേലായുധൻ മാസ്റ്റർ
11. ഇ.കെ. മുഹമ്മദ്
12. എൻ.പി. ഇഖ്ബാൽ
13. എ.പി.സിദ്ധിഖ്
14. പി.രാമചന്ദ്രൻ മാസ്റ്റർ
15. കെ.ടി.സുനി
16. ഒ.പി.റഷീദ്
17. ഇ.സി. മുഹമ്മദ്
18. പി.ടി.സദാശിവൻ
19. പി.ടി.സി.ഗഫൂർ

കൊടുവള്ളി സിറാജ് ഫ്‌ളൈ ഓവർ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി നടന്ന പൊതു കേൾക്കലിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾക്ക് അർത്ഥനാധികാരിയായ RBDCK നൽകിയ അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന കെട്ടിടത്തിൽ കച്ചവടം നടത്തുന്നതിന് കച്ചവട സ്ഥാപനത്തിലെ തൊഴിലാളികൾക്കും 2013 ലെ RFCTLA RR Act അനുശാസിക്കുന്ന പുനസ്ഥാപന പുനരധിവാസ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

2. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിക്കും കെട്ടിടങ്ങൾക്കും 2013 ലെ RFCTLA RR Act അനുശാസിക്കുന്ന നഷ്ട പരിഹാരം ലഭിക്കുന്നതാണ്.

കൊടുവള്ളി പട്ടണത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗത തിരക്ക് ലഘൂകരിക്കുന്നതിന് വേണ്ടി ദീർഘദൂരം വാഹനങ്ങൾ വേർതിരിച്ച് വിട്ടും മറ്റും പട്ടണത്തിലെ ഗതാഗത തിരക്ക് കുറയ്ക്കുന്നതിനും വേണ്ടിയാണ് കൊടുവള്ളി സിറാജ് ഫ്‌ളൈ ഓവർ പദ്ധതി. പ്രദേശത്തിന്റെ വിശദമായ സർവ്വേയും മറ്റ് പരിശോധനകളും എല്ലാം തന്നെ നടത്തിയതിന് ശേഷമാണ് പദ്ധതിയുടെ രൂപകല്പന നടത്തിയിക്കുന്നത്. അണ്ടർപാസ് വരുന്ന് ഭാഗത്തിന്റെ രണ്ട് വശത്തും സർവ്വീസ് റോഡുകളും ഫുട്പാത്തും നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന കെട്ടിടത്തിൽ കച്ചവടം നടത്തുന്നവർക്കും കച്ചവട സ്ഥാപനത്തിലെ തൊഴിലാളികൾക്കും 2013 ലെ RFCTLA RR Act അനുശാസിക്കുന്ന പുനസ്ഥാപന പുനരധിവാസ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

4. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന കെട്ടിടത്തിൽ കച്ചവടം നടത്തുന്നവർക്കും കച്ചവട സ്ഥാപനത്തിലെ തൊഴിലാളികൾക്കും 2013 ലെ RFCTLA RR Act അനുശാസിക്കുന്ന പുനസ്ഥാപന പുനരധിവാസ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെയും കെട്ടിടത്തിന്റെയും കൃത്യമായ വിവരങ്ങൾ വിശദമായ സർവ്വേ പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം റവന്യൂ വകുപ്പ് അറിയിക്കുന്നതാണ്.

സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി കഴിഞ്ഞാൽ എത്രയും പെട്ടെന്ന് തന്നെ പദ്ധതി ടെൻഡർ ചെയ്ത് പ്രവൃത്തി പൂർത്തിയാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

5. നിയമം അനുശാസിക്കുന്ന നഷ്ട പരിഹാരം എല്ലാവർക്കും നൽകുന്നതാണ്.

6. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന കെട്ടിടത്തിൽ കച്ചവടം നടത്തുന്നവർക്കും കച്ചവട സ്ഥാപനത്തിലെ തൊഴിലാളികൾക്കും RFCTLA RR Act അനുശാസിക്കുന്ന പുനസ്ഥാപന പുനരധിവാസ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. കടകൾ ഒഴിഞ്ഞു കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ആരെയും തന്നെ ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തിയതായി അറിയില്ല. ഉദ്യോഗസ്ഥർ നിയമാനുസൃതമായി മാത്രം പ്രവർത്തിക്കുവാൻ നിയോഗിച്ചിരിക്കുന്നവയാണ്.

**<u>തൊഴിലിനുണ്ടാകുന്ന ആഘാതം</u>**

അടിപ്പാതയ്ക്കും സർവ്വീസ് റോഡിനും , ഫ്ളൈ ഓവറിനുമായി വ്യത്യസ്ത രീതിയിലാണ് അധികൃതർ മാർക്ക് ചെയ്തിരിക്കുന്നത്. കുറച്ച് സ്ഥാപനങ്ങളുടെ മുറിയിലേക്ക് കടന്ന് ഒന്നര മീറ്റർ മുതൽ രണ്ടര മീറ്റർ വരെ ഇതിൽ കുറ്റി അടിച്ചിട്ടുണ്ട്. ഏറ്റവും സാരമായി ബാധിക്കുന്നത് ഏകദേശം ഇരുപത് കടകളെയാണ്. ഈ കടകളിലായി 69 പേർ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട്. സ്ഥലം ഏറ്റെടുക്കലിന്റെ വ്യക്തമായ ചിത്രം ലഭിച്ചാൽ മാത്രമേ നേരിട്ട് എത്ര പേരുടെ തൊഴിലിന് ആഘാതം ഏൽക്കും എന്ന് പറയാനൊക്കുകയുള്ളൂ. ഏതായാലും നിലവിൽ, നേരിട്ട് 69 പേരുടെ തൊഴിലിന് ആഘാതം ഉണ്ടാകാനിടയുണ്ട്.

## വരുമാനത്തിനുള്ള ആഘാതം

നേരിട്ട് 69 പേരുടെ തൊഴിലിന് ആഘാതം ഉണ്ടാവുക എന്ന് പറയുമ്പോൾ അവരുടെ കുടുംബത്തിന്റെ ഉപജീവന മാർഗ്ഗത്തിനാണ് പ്രയാസം അനുഭവിക്കേണ്ടി വരിക. വളരെ കാര്യമായ സാമ്പത്തിക ശേഷി ഇല്ലാത്തവരാണ് കടയിൽ ജോലിക്ക് നിൽക്കുന്നത്. ഇവർക്ക് ജോലി സ്ഥിരത ഇല്ല. ഏറെ കടകളുടെ മുൻപിലാണ് മാർക്ക് ചെയ്തിരിക്കുന്നത്. റോഡ് കഴിഞ്ഞ് ഓവ് ചാലിനുള്ള സ്ഥലം മാത്രമാണ് ബാക്കിയാവുക. ഇപ്പോൾ വാഹനങ്ങളിൽ വന്ന്, കടയുടെ മുൻപിൽ പാർക്ക് ചെയ്ത് സാധനം വാങ്ങുന്ന രീതി തന്നെ ഇല്ലാതാവുക എന്ന് വന്നാൽ ഏകദേശം നൂറിലധികം കടകളുടെ കച്ചവട ത്തിനെ പരോക്ഷമായി ബാധിക്കാനിടയുണ്ട്. ഇവിടെ വ്യാപാരി സമൂഹം ഭയപ്പെടുന്നതു പോലെ കൊടുവള്ളി ടൗണിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടാനും സാധ്യത കൂടുതലാണ്. നേരത്തെ വ്യക്തമാ ക്കിയതുപോലെ, കേരളത്തിൽ ഏറ്റവും കൂടുതൽ ജ്വല്ലറികൾ ഉള്ള മേഖലയാണ് കൊടുവള്ളി. ഈ ഫ്ളൈ ഓവർ വരികയാണെങ്കിൽ നിലവിലുള്ള കച്ചവടക്കാരുടെ വിറ്റു വരവിനെ ഏറ്റവും സാരമായി ബാധിക്കാനിടയുണ്ട്. അതുപോലെ തന്നെ ടൗൺ സ്പർശിക്കാതെ ഫ്ളൈ ഓവർ വഴി വാഹനങ്ങൾ കടന്ന് പോകുന്നതും ഈ പ്രധാന കച്ചവട കേന്ദ്രത്തെ സാരമായി ബാധിക്കും. അതുപോലെ തന്നെ ഈ റോഡിന്റെ രണ്ട് സ്ഥലങ്ങളിലായി 65 ഓട്ടോകൾ പാർക്ക് ചെയ്യുന്നുണ്ട്. ഇവർക്ക് ഈ പാർക്കിംഗ് സ്ഥലത്തുനിന്നും മാറേണ്ടി വരുമ്പോൾ ഈ 65 പേരുടെ തൊഴിലിന് താൽക്കാതികമായ ആഘാതമു ണ്ടാകും

## പാരിസ്ഥിതിക ആഘാതം

ഈ ഫ്ളൈ ഓവറിനും അനുബന്ധ റോഡിനുമായി നഗരപാതയ്ക്ക് ഇരുവശത്തുമായി സ്ഥലമേറ്റെടു ക്കുമ്പോൾ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്ന പ്രധാന ഘടകം ബസ് സ്റ്റാന്റിലും പരിസരത്തു മായി വളർന്ന് പന്തലിച്ച് കിടക്കുന്ന ആറ് വലിയ മരങ്ങൾ മുറിക്കേണ്ടി വരും എന്നതാണ്. ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രയാസമുണ്ടാക്കുന്നതാണ് ഈ മരങ്ങളുടെ നഷ്ടം. വികസന ആവശ്യ ങ്ങൾക്കായി മരങ്ങൾ മുറിക്കപ്പെടുമ്പോൾ ഒന്നിനു പകരം 10 പുതിയ വൃക്ഷത്തൈകൾ എങ്കിലും വെച്ച് പിടിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കേണ്ടതാണ്. മറ്റൊരു വസ്തുത, ഇവിടെ ട്രാഫിക് ജാം ഒഴിവാക്കപ്പെടുന്നതോടെ വിവിധ സിഗ്നലുകളിലും ജാം ഒഴിവാക്കപ്പെടുന്നു. അതിനാൽ തന്നെ നിർത്തിയിടപ്പെടുന്നതും മെല്ലെ പോകുന്നതുമായ വാഹനങ്ങളിൽ നിന്ന് പുറത്തേക്ക് വമിക്കുന്ന ഗ്രീൻ

ഹൗസ് വാതകമായ കാർബൺഡൈഓക്സൈഡിന്റെ ബഹിർഗമനം കുറയുകയും അത് അന്തരീക്ഷ മലിനീകരണത്തെ ഒരു പരിധി വരെ ലഘൂകരിക്കുകയും ചെയ്യുന്നു.

## പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപത്തായി പൊതു ഇടങ്ങൾ- സ്ഥാപനങ്ങൾ എന്ന നിർവ്വചനത്തിൽ വരാനുള്ളവ താഴെ കാണിക്കുന്നു

**1.ശംസുൽ ഉലമ മെമ്മോറിയൽ റിയാദുസ്സാലിഹിൻ കൾച്ചറൽ ആന്റ് എജ്യുക്കേഷണൽ കോംപ്ലക്സ് (RCEC)**.- നേരത്തെ വ്യക്തമാക്കിയതു പോലെ കൊടുവള്ളിയിൽ പ്രവർത്തിച്ചു വരുന്ന ഈ കോംപ്ല ക്സിൽ ഒരു വനിത കോളേജും മദ്രസയും പ്രവർത്തിച്ചു വന്നിരുന്ന. എന്നാൽ ഫ്ളൈ ഓവറിനായി ഇതിന്റെ പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണ്. അതിനാൽ തന്നെ ഈ സ്ഥാപനത്തിനുണ്ടാകുന്ന ആഘാതം ഗൗരവമായി പരിഗണിക്കേണ്ടതില്ല.

**2.കൊരുവിൽ ജുമാ മസ്ജിദ്-** ഈ പ്രദേശത്തെ മത വിശ്വാസികൾ ആരാധനയ്ക്കായി ആശ്രയിക്കുന്ന ഈ മസ്ജിദിൽ വെള്ളിയാഴ്ചകളിൽ നൂറ് കണക്കിന് വിശ്വാസികൾ ജുമാ നമസ്ക്കാരത്തിനായി വരു ന്നു. എന്നാൽ ഈ ആരാധനാലയത്തിന് സാരമായ കേട്പാടുകൾ സംഭവിക്കുന്നില്ല. ഇവിടേക്ക് പ്രവേ ശിക്കുന്നതിനുള്ള ഗേറ്റിന് മാത്രമാണ് ആഘാതമുണ്ടാകുന്നത്.

**3.കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക്** - ഏകദേശം 50 വർഷത്തോളമായി ഏറ്റവും മികച്ച നില യിൽ പ്രവർത്തിച്ചു വരുന്ന ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് പദവിയുല്ള ഈ സ്ഥാപനത്തിന്റെ, റോഡ് തലത്തിൽ നിന്നും താഴെയുള്ള നിലയിൽ ജനറേറർ റൂം, പാർക്കിംഗ് ഏരിയ എന്നിവ, അടയാളപ്പെടു ത്തിയതിന്റെ അകത്തായാണ് വരുന്നത്. ആവശ്യമുള്ള ഘട്ടത്തിൽ ഈ ജനറേറ്റർ മുറി മാറ്റി സ്ഥാപി ക്കാവുന്നതേയുള്ളൂ. പാർക്കിംഗ് ഏരിയയുടെ അഭാവം ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയില്ല. അതിനാൽ തന്നെ ഈ പൊതു ഇടത്തിനുണ്ടാകുന്ന ആഘാതം ഗൗരവ തരത്തിലു ള്ളതല്ല.

**4.MPC ഹോസ്പിറ്റൽ** - കഴിഞ്ഞ 25 വർഷമായി മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്ന സ്വകാര്യ മേഖലയിലെ ഒരു ആശുപത്രിയാണിത്. 20-25 രോഗികളെ കിടത്തി ചികിത്സിക്കുന്ന സ്ഥാപനമാണിത്. പ്രധാനമായും പ്രസവ ചികിത്സയ്ക്ക് പേരുകേട്ട ഈ സ്ഥാപനത്തിന്റെ ജനറേറ്റർ മുറിയും ഓക്സിജൻ

മുറിയും മുൻഭാഗത്തെ ചുമരും അടയാളപ്പെടുത്തിയ സ്ഥലത്തിനകത്താണ്. അൽപം ചില നീക്ക് പോക്കുകൾ നടത്തിയാൽ പരിഹരിക്കപ്പെടാവുന്ന ആഘാതമേ ഉണ്ടാകൂ.

5.KSEB – കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മൂന്ന് ട്രാൻസ്ഫോമറുകൾ റോഡിന്റെ അരികിലായിട്ടുണ്ട്. ഇത് മാറ്റി സ്ഥാപിക്കാവുന്നതേയുള്ളൂ.

പൊതുവെ നോക്കുകയാണെങ്കിൽ, ഈ ഫ്ളൈ ഓവറിനും അടിപ്പാതയ്ക്കും അനുബന്ധ റോഡുകൾക്കുമായി സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത്, വർഷങ്ങളായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നൂറിലധികം കച്ചവടസ്ഥാപനങ്ങളും പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന മറ്റ് സ്ഥാപനങ്ങളുമുണ്ട്. ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്ന അവസരത്തിൽ ഭൂഉടമകൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാകും. എന്നാൽ നേരത്തെ സൂചിപ്പിച്ച ചില സ്ഥാപനങ്ങൾ പൂർണ്ണമായും പൊളിച്ചുമാറ്റപ്പെടേണ്ടി വരുമ്പോൾ അവയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കടയുടമകളും തൊഴിലാളികളുമുണ്ട്. ഇവർക്ക് ആശ്വാസകരമാകുന്ന പ്രത്യേക പാക്കേജ് നടപ്പിലാക്കേണ്ടതുണ്ട്. വ്യാപാരി സമൂഹമാണ് കൂടുതൽ പ്രയാസം അനുഭവിക്കേണ്ടി വരുന്നത്. ഇപ്പോഴത്തെ അലൈൻമെന്റിൽ അൽപസ്വൽപം മാറ്റങ്ങൾ വരുത്താൻ സാധിക്കുകയാണെങ്കിൽ ഈ പ്രയാസങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാം

തൊഴിലിനും വരുമാനത്തിനും സ്ഥാപനങ്ങൽക്കും ഉണ്ടാകുന്ന ആഘാതം, കൊടുവള്ളി എന്ന വ്യാപാര സിരാ കേന്ദ്രത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുമെന്ന ആശങ്ക എന്നിവ ചർച്ചകളിലൂടെയും അനുയോജ്യമായ പുനരധിവാസ പാക്കേജിലൂടെയും പരിഹരിക്കാവുന്നതേയുള്ളൂ. പാരിസ്ഥിതികമായി സാരമായ ആഘാതം ഉണ്ടാകുന്നില്ല. കൂടാതെ അന്തരീക്ഷ മലിനീകരണത്തെയും സമയനഷ്ടത്തെയും വാഹനാപകട സാധ്യതയെയും ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്ന ഈ പദ്ധതിയുമായി മുന്നോട്ട് പോകാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു

25.01.2020

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ്- കണ്ണൂർ